# മഹാത്മാ ഗാന്ധി സർവ്വകലാശാല

പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
*പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-* 686560
***ഫോൺ:*** 0481-2733370

## വാർത്താക്കുറിപ്പ്

**2025 ജൂലൈ 15**

---

സംസ്ഥാനത്ത് ആദ്യം

## ഓണേഴ്സ് ബിരുദം; മറ്റു സർവകലാശാലകളിൽനിന്ന് മാറി പഠിക്കാനുള്ള സംവിധാനം എം.ജിയിൽ

*നാലു വർഷ ഓണേഴ്സ് ബിരുദ പ്രോഗ്രാമുകളുടെ മൂന്നാം സെമസ്റ്ററിൽ സർവകലാശാല മാറി പഠിക്കുന്നതിനുള്ള സംവിധാനം സംസ്ഥാനത്ത് ആദ്യമായി മഹാത്മാ ഗാന്ധി സർവകലാശാലയിൽ നിലവിൽ വന്നു. സംസ്ഥാനത്തെ മററു സർവകലാശാലകളിലും സ്വയംഭരണ സ്ഥാപനങ്ങളിലും പഠിക്കുന്നവർക്ക് മൂന്നാം മേജർ സ്വിച്ചിംഗിന്റെ ഭാഗമായി എം.ജി സർവകലാശാലയിലേക്ക് മാറാം.*

*ഇങ്ങനെ മാറി വരുന്ന വിദ്യാർഥികൾക്ക് മഹാത്മാ ഗാന്ധി സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്ത സ്വയംഭരണ കോളജുകൾ അല്ലാത്ത ആർട്സ് ആന്റ് സയൻസ് കോളജുകളിലെ നാലു വർഷ ഓണേഴ്സ് ബിരുദ പ്രോഗ്രാമുകളിൽ മൂന്നാം സെമസ്റ്ററിൽ പഠിക്കാം.*

*ഇതിന് അപേക്ഷ നൽകുന്നതിനുള്ള ഓൺലൈൻ സംവിധാനം ഈ മാസം 19 വരെ ലഭ്യമായിരിക്കും.* cap.mgu.ac.in *മുഖേനയാണ് അപേക്ഷ നൽകേ ത്. നാലു വർഷ ഓണേഴ്സ് ബിരുദ പ്രോഗ്രാമുകളുടെ ഭാഗമായി എം.ജി സർവകലാശാലയിൽ ആദ്യഘട്ടത്തിൽ നിലവിൽ പഠിച്ചുകൊ ിരിക്കുന്ന കോളജിൽതന്നെയുള്ള വിദ്യാർഥികളുടെ മാററവും ര ാം ഘട്ടത്തിൽ സർവകലാശാലയുടെ കീഴിലുള്ള കോളജുകൾക്കിടയിലുള്ള വിദ്യാർഥികളുടെ മാററവും വിജയകരമായി പൂർത്തീകരിച്ചിരുന്നു. ഇതിന്റെ തുടർച്ചയായാണ് മൂന്നാം സെമസ്റ്ററിലെ ഇന്റർ യൂണിവേഴ്സിററി ട്രാൻസ്ഫർ.*

*(പി.ആർ.ഒ/39/1822/2025)*

## ഓണേഴ്സ് ബിരുദം; സപ്ലിമെന്ററി അലോട്ട്മെന്റിന് രജിസ്ട്രേഷൻ തുടങ്ങി

*മഹാത്മാ ഗാന്ധി സർവകലാശാലയുടെ അഫിലിയേറ്റഡ് കോളജുകളിൽ ഓണേഴ്സ് ബിരുദ പ്രോഗ്രാമുകളിൽ പ്രവേശനത്തിനുള്ള സപ്ലിമെന്ററി അലോട്ട്മെന്റിന് ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു. നാളെ(ജൂലൈ 17) വൈകുന്നേരം വരെ* cap.mgu.ac.in *ൽ രജിസ്റ്റർ ചെയ്യാം. ഇതുവരെ രജിസ്റ്റർ ചെയ്യാൻ സാധിക്കാത്തവർക്കും പ്രവേശനം ലഭിക്കാത്തവർക്കും ഈ അവസരം പ്രയോജനപ്പെടുത്താം.*

*അപേക്ഷയ്ക്കായി ഒരു തവണ ഫീസ് അടച്ചവർക്ക് സപ്ലിമെന്ററി അലോട്ട്മെന്റിന് രജിസ്റ്റർ ചെയ്യുന്നതിന് വീ ും ഫീസ് അടയ്ക്കേ തില്ല. ഓൺലൈൻ അപേക്ഷയിലെ പിശകു മൂലം അലോട്ട്മെന്റിന് പരിഗണിക്കപ്പെടാത്തവർക്കും അലോട്ട്മെന്റിലൂടെ ലഭിച്ച പ്രവേശനം റദ്ദായവർക്കും നിലവിലുള്ള ആപ്ലിക്കേഷൻ നമ്പറും പാസ് വേർഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത് അപേക്ഷയിൽ തിരുത്തലുകൾ വരുത്തുകയും ഓപ്ഷനുകൾ പുതിയതായി നൽകുകയും ചെയ്യാം.*

*സപ്ലിമെന്ററി അലോട്ട്മെന്റിൽ പങ്കെടുക്കുന്ന എല്ലാവരും പുതിയതായി ഓപ്ഷൻ നൽകണം. സ്ഥിര പ്രവേശനം എടുത്തവർ സപ്ലിമെന്ററി അലോട്ട്മെന്റിൽ പങ്കെടുക്കുകയും അലോട്ട്മെന്റ് ലഭിക്കുകയും ചെയ്താൽ പുതിയതായി ലഭിക്കുന്ന അലോട്ട്മെന്റിൽ പ്രവേശനം എടുക്കണം. ഇവരുടെ മുൻ പ്രവേശനം റദ്ദാകും.*

*സപ്ലിമെന്ററി അലോട്മെന്റിൽ പട്ടിക ജാതി-പട്ടിക വർഗ്ഗക്കാർക്ക് സംവരണം ചെയ്ത സീറ്റുകളിലെ ഒഴിവുകളിലേക്ക് ഒഇസി, എസ്ഇബിസി, ജനറൽ വിഭാഗങ്ങളിലുള്ളവരെ പരിഗണിക്കും. ഭിന്നശേഷിക്കാർക്കായി സംവരണം ചെയ്ത സീറ്റുകളിലേക്കും എയ്ഡഡ് കോളേജുകളിലെ കമ്മ്യൂണിറ്റി മെറിറ്റ് സീറ്റുകളിലേക്കും അപേക്ഷ നൽകാം.*

*(പി.ആർ.ഒ/39/1823/2025)*

**ടീം സെലക്ഷൻ ഏകോപ്പിച്ചത് എം.ജി സർവകലാശാല**

## ലോക യൂണിവേഴ്സിറ്റി ഗെയിംസ്; ഇന്ത്യയുടെ ബാസ്ക്കറ്റ്ബോൾ ടീമുകൾ പുറപ്പെട്ടു

ജർമനിയിൽ നടക്കുന്ന വേൾഡ് യൂണിവേഴ്സിറ്റി ഗെയിംസിനുള്ള ഇന്ത്യയുടെ പുരുഷ വനിതാ ബാസ്ക്കറ്റ്ബോൾ ടീമുകൾ ഇന്നലെ(ജൂലൈ 15) പുറപ്പെട്ടു. അസോസിയേഷൻ ഓഫ് ഇന്ത്യൻ യൂണിവേഴ്സിറ്റീസ്(എഐയു) ചുമതലപ്പെടുത്തിയതിനെത്തുടർന്ന് മഹാത്മാ ഗാന്ധി സർവകലാശാലയാണ് ടീം സെലക്ഷൻ ഏകോപിപ്പിച്ചത്.

എറണാകുളം കടവന്ത്ര റീജിയണൽ സ്പോർട്സ് സെന്ററിൽ നടന്ന പരിശീലന ക്യാമ്പ് തിങ്കളാഴ്ച്ചയാണ് അവസാനിച്ചത്. എഐയുവിന്റെ സ്പോർട്സ് വിഭാഗം ജോയിന്റ് സെക്രട്ടറിയും മഹാത്മാ ഗാന്ധി സർവകലാശാലയുടെ സ്കൂൾ ഓഫ് ഫിസിക്കൽ എജ്യുക്കേഷൻ ആന്റ് സ്പോർട്സ് സയൻസസ് മുൻ മേധാവി യുമായ ഡോ. ബിനു ജോർജ് വർഗീസ് നയിക്കുന്ന സംഘത്തിൽ രാജ്യത്തെ വിവിധ സർവകലാശാലകളിൽനിന്നുള്ള താരങ്ങൾ ഉൾപ്പെടെ 36 പേരാണുള്ളത്.

മുൻ രാജ്യാന്തര ബാസ്ക്കറ്റ്ബോൾ താരങ്ങളായ ജി. രാംകുമാറും സി.വി. സണ്ണിയുമാണ് യഥാക്രമം പുരുഷ, വനിതാ ടീമുകളുടെ പരിശീലകർ. കേരള സ്പോർട്സ് കൗൺസിലിന്റെ പരിശീലകൻ ജോൺസൺ തോമസാണ് വനിതാ ടീമിന്റെ അസിസ്റ്റന്റ് കോച്ച്.

നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസിലെ ഫിസിക്കൽ എജ്യുക്കേഷൻ അസിസ്റ്റന്റ് ഡയറക്ടർ ഡോ. എസ്. സുജിത്ത് പുരുഷ ടീമിന്റെയും ബംഗളൂരു ക്രൈസ്റ്റ് യൂണിവേഴ്സിറ്റിയിൽനിന്നുള്ള സൗമ്യ ജോസഫ് വനിതാ ടീമിന്റെയും മാനേജരാണ്. സ്പോർട്സ് സൈക്കോളജിസ്റ്റായി ഇരിങ്ങാലക്കുട സെന്റ് ജോസഫ്സ് കോളജിലെ സ്റ്റാലിൻ റാഫേലും സംഘത്തിലു ്.

## <u>പ്രാക്ടിക്കൽ</u>

ര ാം സെമസ്റ്റർ എം.എ സിഎസ്എസ് (2024 അഡ്മിഷൻ റഗുലർ, 2023 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2019 മുതൽ 2023 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ് മെയ് 2025) പരീക്ഷയുടെ ഭരതനാട്യം, ചെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂലൈ 17, 22 തീയതികളിൽ തൃപ്പൂണിത്തുറ ആർ.എൽ.വി കോളജ് ഓഫ് മ്യൂസിക് ആന്റ് ഫൈൻ ആർട്സിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

........................

ര ാം സെമസ്റ്റർ എം.എസ്സി ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സിഎസ്എസ് (2024 അഡ്മിഷൻ റഗുലർ, 2023 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2019 മുതൽ 2023 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ് മെയ് 2025) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ

*ജൂലൈ 28 മുതൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.*

*(പി.ആർ.ഒ/39/1825/2025)*

**പബ്ലിക് റിലേഷൻസ് ഓഫീസർ**